പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*792

17.07.2014ലെ മറുപടിയ്ക്ക്

കുറഞ്ഞ നിരക്കിലുള്ള കൂലി ലഭിക്കുന്ന തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കുറഞ്ഞ കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് സ്വന്തമായ വാസസ്ഥലം നൽകുന്നതിന് മിതമായ നിരക്കിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രൂപീകരിച്ചിട്ടുണ്ട്, കുറഞ്ഞ കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് അനുയോജ്യമായ തരത്തിലുള്ള കുറഞ്ഞ നിർമ്മാണ ചെലവുള്ള വാസസ്ഥലം (ഫ്ലാറ്റ്) ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ജനനി. ടി പ്രോജക്ട് ബി.ഒ.റ്റി വ്യവസ്ഥയിൽ പി.പി.പി ആയി (പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) ആയിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കമ്പനീസ് ആക്ട് സെക്ഷൻ - 25 പ്രകാരം രൂപീകരിച്ചിട്ടുള്ള ഭവനം ഫൗണ്ടേഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) അസംഘടിത മേഖലയിലെ കുറഞ്ഞ കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് അനുയോജ്യമായ തരത്തിലുള്ള കുറഞ്ഞ നിർമ്മാണ ചെലവുള്ള 500 - 700 സ്ക്വയർ ഫീറ്റ് ഫ്ലാറ്റ്/വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഭവന നിർമ്മാണ ചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി തൊഴിലാളികൾക്ക് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (സി) 10 ലക്ഷം രൂപയ്ക്ക് 700 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഫ്ളാറ്റ് ഒരു തൊഴിലാളി കുടുംബത്തിന് ലഭിക്കുന്നത് ഭവന നിർമ്മാണ ചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ അവർക്ക് ആശ്വാസകരമായിരിക്കും. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) പദ്ധതി നടപ്പിലാക്കാൻ സ്വകാര്യ സംരംഭകരിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ദിനപത്രങ്ങൾ വഴിയും ദൃശ്യമാദ്ധ്യമങ്ങൾ വഴിയും പദ്ധതിയുടെ രൂപകല്പന, സ്ഥലം ലഭ്യത, നിർവ്വഹണം എന്നിവ സംബന്ധിച്ച് വിശദമായ താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25.07.2014 ആണ്. |

Sreeeja
സെക്ഷൻ ഓഫീസർ